**File No.DT/332/2019-A3**

**"ഭരണഭാഷ-മാതൃഭാഷ"**

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽഭവൻ, തിരുവനന്തപുരം

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(നിലവിൽ : അനിൽകുമാർ. സി.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) 29.02.2020-ലെ DT/974/2020-A3 നമ്പരായ ഹെഡ് ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
2) 06.10.2020 ലെ DT/2856/2020-A4 നമ്പരായ ഉത്തരവ്.
3) 15.09.2020 ലെ DT/2561/2020-A4 നമ്പരായ ഉത്തരവ്.
4) 13.10.2020 ലെ DT/2975/2020-A4 നമ്പരായ ഉത്തരവ്.
5) 09.06.2020 ലെ DT/332/2019-A3 നമ്പരായ ഉത്തരവ്.
6) സർക്കാർ കത്ത് നമ്പർ. സി1/55/2020/തൊഴിൽ, തീയതി: 30.08.2020.
7) 29.09.2020 ലെ DT/41246/2018-A3 നമ്പരായ ഉത്തരവ്.
8) 29.09.2020 ലെ DT/41246/2018-A3(1) നമ്പരായ ഉത്തരവ്.

## ഉത്തരവ് നമ്പർ: DT/332/2019-A3 , തീയതി: 30/10/2020

പരാമർശം (5) പ്രകാരം വകുപ്പിൽ നടത്തിയ പ്രൊമോഷൻ, സ്ഥലം മാറ്റം എന്നിവയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ 3 ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവ് നിലവിലുണ്ട്.

1. ഐ.ടി.ഐ രാജാക്കാട്
2. ഐ.ടി.ഐ (വ) കോഴിക്കോട്
3. ഐ.ടി.ഐ സീതാംഗോളി

കണ്ണൂർ, ആർ.ഐ.സെന്റർ-ലെ സീനിയർ ക്ലാർക്ക്, ശ്രീ. ഗിരീശൻ. എ.പി-യുടെ സീനിയോരിറ്റി സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിൽ ആയിരുന്നതിനാൽ, പരാമർശം (5) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയുടെ പ്രൊമോഷൻ ഉത്തരവിൽ സീതാംഗോളി, ഐ.ടി.ഐ-ലെ ജൂനിയർ സൂപ്രണ്ട് തസ്തിക ഒഴിച്ചിട്ടിരുന്നു. ശ്രീ. ഗിരീശൻ. എ.പി-യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുനഃക്രമീകരിച്ച് നൽകണമെന്നും, എന്നാൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ടിയാന് അനുവദിച്ച് നൽകിയ റഗുലർ പ്രൊമോഷനാണ് ടിയാൻ സ്വന്തം ഇഷ്ടപ്രകാരം പരിത്യജിച്ചത് എന്നതിനാൽ പരിത്യാഗ കാലയളവിൽ ടിയാന് ചട്ടം. 38-ന് താഴെയുള്ള വിശദീകരണമനുസരിച്ച് സീനിയോറിറ്റി നഷ്ടമാകുമെന്നതിനാൽ പ്രസ്തുത പരിത്യാഗ കാലയളവിൽ ഹെഡ് ക്ലാർക്കിലും, അതിന്റെ ഉയർന്ന തസ്തികയിലും പ്രൊമോഷൻ ലഭിച്ച ടിയാന്റെ ജൂനിയർമാരെ ടിയാന് മറികടക്കുവാനുമാവില്ലായെന്നും , പ്രൊമോഷൻ പരിത്യജിച്ചത് പിൻവലിക്കുവാനുള്ള ടിയാന്റെ അപേക്ഷയിന്മേൽ അനുമതി നൽകാമെന്നും ടി അനുമതി ഉത്തരവ് തീയതി മുതൽ ഉണ്ടാകുന്ന അടുത്ത ഹെഡ് ക്ലാർക്ക് തസ്തികയുടെ ഒഴിവിലേക്ക് ടിയാനെ പരിഗണിക്കണമെന്നും പരാമർശം (6) പ്രകാരം സർക്കാർ

സ്പഷ്ടീകരണം നൽകുകയും, ആയത് പ്രകാരം പരാമർശം (7), (8) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകണമെന്ന ശ്രീ. ഗിരീശൻ. എ.പി-യുടെ 05.10.2020, 08.10.2020 എന്നീ തീയതികളിലെ പുതിയ അപേക്ഷകൾ സർക്കാർ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട് എങ്കിലും പരാമർശം (6)-ലെ സർക്കാർ നിർദ്ദേശവും, പരാമർശം (7), (8) ഉത്തരവുകളുമാണ് നിലനിൽക്കുന്നത് എന്നതിനാൽ ടിയാന് വേണ്ടി ജൂനിയർ സൂപ്രണ്ട് തസ്തിക ഒഴിച്ചിടേണ്ടതില്ല. ടി സാഹചര്യത്തിൽ പരാമർശം (5)-ലെ ഉത്തരവ് പ്രകാരം ഒഴിച്ചിട്ട ജൂനിയർ സൂപ്രണ്ട് തസ്തികയും പ്രൊമോഷൻ മുഖേന നികത്തേണ്ടതായിട്ടുണ്ട്.

മേൽപ്പറഞ്ഞ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാരിൽ 3 ജീവനക്കാരുടെ ടി തസ്തികയിലെ പ്രൊബേഷൻ പരാമർശം (2) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള ഹെഡ് ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ജീവനക്കാർക്ക് KS&SSR-ലെ പൊതുചട്ടം 28(b)(ii) പ്രകാരം 30700-65400 രൂപാ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര് / തസ്തിക നിലവിൽ സേവനത്തിലുള്ള സ്ഥാപനം | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 215 | ശ്രീ. ഷൈൻ കുമാർ. എം,<br>ഹെഡ് ക്ലാർക്ക്,<br>ഐ.ടി.ഐ കട്ടപ്പന | ഐ.ടി.ഐ രാജാക്കാട് | |
| 2 | 216 | ശ്രീ. ബിജു. ടി.ബി,<br>ഹെഡ് ക്ലാർക്ക്,<br>ഐ.ടി.ഐ (വ) കോഴിക്കോട് | ഐ.ടി.ഐ (വ) കോഴിക്കോട് | |
| 3 | 217 | ശ്രീമതി. ജീജാരാജൻ,<br>ഹെഡ് ക്ലാർക്ക്,<br>ആർ.ഐ.സെന്റർ കളമശ്ശേരി | ഐ.ടി.ഐ സീതാംഗോളി | |

മേൽപ്പറയും പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ അതാത് സ്ഥാപനമേധാവി മുമ്പാകെ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. വിടുതൽ ചെയ്തതും, സേവനത്തിൽ പ്രവേശിച്ചതുമായ വിവരം സ്ഥാപനമേധാവികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>സ്വീകർത്താവ്:</u>**

ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപനമേധാവി മുഖേന)

പകർപ്പ്:- 1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്

2. ജെ.എ.എ(സി) വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

3. സ്റ്റോക്ക് ഫയൽ(എ 3)

//ഉത്തരവിൻപ്രകാരം//

Reji

സീനിയർ സൂപ്രണ്ട്